കേരള സർക്കാർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 624

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. എം. മാണി,<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പു മന്ത്രി |
| എ) സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ യോഗ്യത പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | 2011-12 സാമ്പത്തിക വർഷത്തിൽ ഭവന വായ്പക്ക് അപേക്ഷിച്ച സർക്കാർ ജീവനക്കാരുടെ സംയോജിത ഭവന വായ്പ സംസ്ഥാന മുൻഗണനാ പട്ടിക 07.09.2011-ലെ 57/11/ധന. സർക്കുലർ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ 2614 അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു). |
| ബി) പ്രസ്തുത പട്ടികയിൽ നിന്ന് എത്രപേർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകിയെന്നും എത്ര പേർ അവശേഷിക്കുന്നുവെന്നും അറിയിക്കുമോ; | 2011-12 ഭവന വായ്പയുടെ സംയോജിത സംസ്ഥാന മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട 1410 പേർക്ക് വായ്പ അനുവദിക്കുന്നതിന് 2011-12 -ലെ ബഡ്ജറ്റ് വിഹിതമായ 100 കോടി രൂപയുടെ അലോട്ട്മെന്റ് വിവിധ വകുപ്പുകൾക്ക് നൽകി. അവശേഷിക്കുന്ന 1204 അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിന് 81.58 കോടി രൂപ കൂടി ആവശ്യമാണ്. |

| | |
|---|---|
| സി) പ്രസ്തുത പട്ടികയിൽ അവശേഷിക്കുന്ന വരിൽ എത്ര പേർക്ക് നടപ്പു സാമ്പത്തിക വർഷം 'ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ' അനുവദിക്കുമെന്ന് അറിയിക്കുമോ; | 1410 അപേക്ഷകർക്ക് വായ്പ അനുവദിക്കുന്ന തിന് അലോട്ട്മെന്റ് വിവിധ വകുപ്പുകൾക്ക് നൽകി. ഉപധനാഭ്യർത്ഥനയിലൂടെ അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് 2011-12 സംയോജിത ഭവന വായ്പയുടെ സംസ്ഥാന മുൻഗണനാ പട്ടികയിൽ ഉൾപെട്ട അവശേഷി ക്കുന്ന 1204 അപേക്ഷകർക്കും ഈ വർഷം തന്നെ വായ്പ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) 2011-12 സാമ്പത്തിക വർഷം 'എച്ച്.ബി.എ' ലഭിക്കാത്തവർക്ക് പ്രസ്തുത പട്ടികയിൽ നിന്ന് മുൻഗണനാക്രമത്തിൽ അടുത്ത സാമ്പത്തിക വർഷം അഡ്വാൻസ് നൽകാൻ നടപടി സ്വീകരിക്കുമോ? | ഈ സാമ്പത്തിക വർഷം തന്നെ അർഹരായ എല്ലാ അപേക്ഷകർക്കും ഭവന വായ്പ നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഇത് സാധ്യമാകുന്നില്ലെങ്കിൽ ഇവർക്ക് മുൻഗണനാ ക്രമത്തിൽ അടുത്ത സാമ്പത്തിക വർഷം അഡ്വാൻസ് അനുവദിക്കുന്നതാണ്. |

Pushpaja

സെക്ഷൻ ഓഫീസർ

അനുബന്ധം

## വിശദീകരണക്കുറിപ്പ്

12.11.2009-ലെ ജി.ഒ.(പി)505/2009/ധന ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കപ്പെട്ട സർക്കാർ ഭവനവായ്പ പദ്ധതി യോഗ്യരായ അപേക്ഷകർക്ക് പുതുതായി വീട് നിർമ്മിക്കുന്നതിനും, നിർമ്മാണം പൂർത്തിയായ വീടോ/ഫ്ളാറ്റോ വാങ്ങുന്നതിനും മാത്രമായി പരിമിതപ്പെടുത്തിയിരുന്നു.

2009-10 സാമ്പത്തിക വർഷത്തിൽ പുനഃസ്ഥാപിച്ച ഭവന വായ്പക്ക് ആദ്യമായി അപേക്ഷ ക്ഷണിച്ചത് 2010 ജനുവരിയിൽ ആണ്. 1511 പേർ അപേക്ഷിച്ചു. ഉദ്ദേശം 70.73 കോടി രൂപ 1511 പേർക്ക് വായ്പ അനുവദിക്കുന്നതിന് വേണ്ടിവന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന മാസമായ മാർച്ച് മാസത്തിൽ ആണ് ബഡ്ജറ്റ് വിഹിതമായ 50 കോടി രൂപ ഫസ്റ്റ് ബാച്ച് അലോട്ട്മെന്റായി നൽകിയത്. അതുകൊണ്ട് 1011 പേർക്ക് മാത്രമേ ഫസ്റ്റ് ബാച്ച് അലോട്ട്മെന്റ് അനുവദിച്ചുള്ളു. 2009-10 സാമ്പത്തിക വർഷം അവശേഷിച്ച 500 പേർക്ക് ഗവൺമെന്റ് പ്രത്യേക തീരുമാനപ്രകാരം 2010-11-ലെ ബഡ്ജറ്റ് വിഹിതമായ 50 കോടി രൂപയിൽ നിന്നും 20 കോടി രൂപ വായ്പ അനുവദിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ വായ്പയ്ക്ക് അപേക്ഷിച്ചത് 645 പേർ മാത്രമാണ്. അതിനാൽ അവശേഷിച്ച 30 കോടി രൂപ 2010-11-ലെ അപേക്ഷകർക്ക് വായ്പയായി അനുവദിക്കാൻ സാധിച്ചു.

ഭവന വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് 50 മാസം സേവനകാലയളവ് അവശേഷിക്കണം. അപ്രകാരം ഏറ്റവും കുറവ് സേവന കാലയളവ് അവശേഷിക്കുന്ന അപേക്ഷകരുടെ മുൻഗണനാക്രമത്തിലുള്ള സംയോജിത അർഹതാ പട്ടികയാണ് 07.09.2011-ലെ 57/2011/ധന. സർക്കുലർ പ്രകാരം പ്രസിദ്ധീ കരിച്ചിട്ടുള്ളത്.

ഈ വർഷത്തെ സംയോജിത അർഹതാ പട്ടികയിൽ ഉൾപ്പെട്ട 2614 പേർക്ക് വായ്പ അനുവദിക്കുന്നതിന് 181.58 കോടി രൂപയാണ് വേണ്ടി വരുന്നത്. 2011-12 സാമ്പത്തിക വർഷം 100 കോടി രൂപയാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപ വിവിധ വകുപ്പുകൾക്ക് അവർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭവന വായ്പ അനുവദിക്കാൻ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ഉപധനാഭ്യർത്ഥനയിലൂടെ അധികതുക ലഭ്യമാകുന്ന മുറയ്ക്ക് ലിസ്റ്റിൽ അവശേഷിക്കുന്ന എല്ലാ അപേക്ഷകർക്കും വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

Pushpaja

സെക്ഷൻ ഓഫീസർ